# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1112** — 12.07.2016 ലെ മറുപടിക്ക്

## അനധികൃത ഫ്ലാറ്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര അനധികൃത ഫ്ലാറ്റ് നിർമ്മാണം കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ;<br>(ബി) ഇതിനെതിരെ എന്തൊക്കെ നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;<br>(സി) അനധികൃത നിർമ്മാണം നടത്തിയ ഫ്ലാറ്റ് ഉടമകളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താമോ; | (എ) യും (ബി) യും (സി) യും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ അനധികൃത ഫ്ലാറ്റ് നിർമ്മാണം നടത്തിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും ഉടമകളുടെ പേര് വിവരങ്ങളും **അനുബന്ധമായി ചേർത്തിരിക്കുന്നു**.<br>അനുബന്ധമായി ചേർത്തിരിക്കുന്ന കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ അനധികൃത ഫ്ലാറ്റുകളുടെ നമ്പർ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ അനധികൃത നിർമ്മാണത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ആയതിനെതിരെ ബഹു.ഹൈക്കോടതിയിൽ കേസ് നടന്നു വരുന്നു. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റിനെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ഡി) അനധികൃതമായി നിർമ്മിച്ച ഈ ഫ്ലാറ്റുകൾക്ക് എതിരെ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ; | (ഡി) അനധികൃത നിർമ്മാണത്തിനെതിരെ കർശന നടപടി സ്വീകരിക്കും. |
| (ഇ) ഫയർ ഫോഴ്സിന്റെ എൻ.ഒ.സി. കിട്ടാത്തതും, ഫയർ ഫോഴ്സ് എൻ.ഒ.സി. നിരസിച്ചതുമായ എത്ര ഫ്ലാറ്റുകൾ ഉണ്ട് എന്നറിയാമോ; എങ്കിൽ ഇവയുടെ പേരും വിശദാംശങ്ങളും വിവരിക്കുമോ? | (ഇ) 2 ഫ്ലാറ്റുകൾ ഉണ്ട്; എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ ഓഷ്യാനസ് എസ്റ്റേറ്റ്സ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മറ്റൂർ എന്ന സ്ഥലത്ത് 40 മീറ്ററോളം ഉയരമുള്ള ഫ്ലാറ്റിന് എൻ.ഒ.സി. നൽകിയിട്ടില്ല. തൃശ്ശൂർ ജില്ലയിൽ ഡോ.കൈരളി, മുല്ലശ്ശേരിൽ ഹൗസ്, പോട്ടാർ പി.ഒ. എന്ന വ്യക്തിക്ക് ഫയർഫോഴ്സ് എൻ.ഒ.സി. നിരസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | അനധികൃത നിർമ്മാണം നടന്ന ജില്ലകൾ (ഗ്രാമപഞ്ചായത്ത് സഹിതം) | അനധികൃതനിർമ്മാണം നടത്തിയ ഉടമകളുടെ പേര് വിവരം |
|---|---|---|
| 1. | കോട്ടയം<br>(വിജയപുരം ഗ്രാമപഞ്ചായത്ത്) | ശ്രീമതി.ഷീല ഈപ്പൻ, മറീന ഈപ്പൻ, സൗമ്യ ഈപ്പൻ, സരുൺ.കെ.മാണി, രാജു കളരിക്കൽ, വടവാതൂർ പി.ഒ. |
| 2. | എറണാകുളം<br>(ചെങ്ങമനാട്, കീഴ്മാട് ഗ്രാമപഞ്ചായത്ത്) | സിദ്ദീഖ് ചക്യാത്ത് & ഷീന സിദ്ദീഖ്, M/s അമിറ്റി ഹൗസിംഗ് & റിസോർട്ട് (ഇൻഡ്യാ) പ്രൈവറ്റ് ലിമിറ്റഡ് IV/362 G, തൈക്കാട്ടുകര.<br><br>ഐഷാ, അബ്ദുൾ ലത്തീഫ്, മുഹമ്മദ് ഫാസിൽ, കുനത്ത് ഹൗസ്, വടക്കാഞ്ചേരി പി.ഒ., തൃശ്ശൂർ., ഷമിന & അബ്ദുൾ റഹ്മാൻ, പഴങ്ങാടി ഹൗസ്, തോട്ടുമുഖം പി.ഒ., ആലുവ. |
| 3. | തൃശ്ശൂർ<br>(അവണൂർ ഗ്രാമപഞ്ചായത്ത്) | ഡോ.കൈരളി, മുല്ലയ്ക്കൽ ഹൗസ്, പോട്ടോർ പി.ഒ. |
| 4. | കണ്ണൂർ<br>(മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്) | ശ്രീ.അസീസ്, അസ്മാസ്, നിയർ സഫാ സെന്റർ, എടക്കാട്. |
| 5. | കാസർഗോഡ്<br>(മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്) | ശ്രീ.ബി.പി.മുഹമ്മദ്, പരേരി ഹൗസ്, പൈവളിഗെ പി.ഒ. |

സെക്ഷൻ ഓഫീസർ